**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** **10-08-2023 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി ജോയി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ തീരദേശ വേലിയേറ്റ മേഖലയിൽ നിന്നും അൻപത് മീറ്റർ പരിധിയ്ക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | തീരദേശത്തു വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ ഭവനമൊരുക്കി പുനരധിവസിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം. നിലവിൽ 21,220 കുടുംബങ്ങൾ ഇത്തരത്തിൽ തീരദേശത്ത് അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 8,743 കുടുംബങ്ങൾ സുരക്ഷിതമേഖലയിലേയ്ക്ക് മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചവർക്ക് സ്വന്തം നിലയിൽ സർക്കാർ ധനസഹായത്തോടെ 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങി ഭവനം നിർമ്മിക്കുവാനും, ഭൂമിയും വീട്ടും ഒരുമിച്ച് വാങ്ങുവാനും, ഗ്രൂപ്പുകളായി ഭൂമി കണ്ടെത്തി ഫ്ലാറ്റ് നിർമ്മിക്കുവാനും കഴിയും. ഒരു കുടുംബത്തിന് ഇതിനായി പരമാവധി 10 ലക്ഷം രൂപയാണ് ധനസഹായം. കൂടാതെ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സർക്കാർ ഭൂമിയിലും സ്വകാര്യ ഭൂമി ഏറ്റെടുത്തും ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം ഉറപ്പാക്കുന്നു. ഫ്ലാറ്റുകളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാകളക്ടർ ചെയർമാനും ജനപ്രതിനിധികൾ അംഗങ്ങളുമായ സുതാര്യ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ടെന്നും അതിനായി ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ; | (ബി) | സുരക്ഷിത മേഖലയിലേക്ക് മാറി താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുള്ള 8,743 പേരിൽ 4,200 പേർ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും 3,472 പേർ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.<br><br>ഇതിൽ 2,174 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128 ഉം, ബീമാപള്ളിയിൽ 20 ഉം, മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ 128 ഉം കൊല്ലം ജില്ലയിൽ ക്യു.എസ്.എസ്. കോളനിയിൽ 114 ഉം ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ നിർമ്മിച്ച് ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 103.75 കോടി രൂപയും ഉൾപ്പെടെ 353.75 കോടി രൂപ അനുവദിക്കുകയും 343.69 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതിയ്ക്കാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനും നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (സി) | 2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18,685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. 2020-ൽ പുനർഗേഹം പദ്ധതി ആരംഭിച്ച ശേഷം ലഭിച്ച അപ്പീൽ അപേക്ഷകൾ ഉൾപ്പെടെ 21,220 ഗുണഭോക്താക്കളാണുള്ളത്.<br><br>ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റിയാണ് ഗുണഭോക്തൃ പട്ടികയ്ക്ക് അംഗീകാരം നൽകുന്നത്. കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി പ്രദേശങ്ങളിൽ കുറഞ്ഞത് 2 സെന്റും പഞ്ചായത്ത് പ്രദേശങ്ങളിൽ 3 സെന്റും ഭൂമിയാണ് അപേക്ഷകൻ സ്വന്തമായി കണ്ടെത്തേണ്ടത്.<br><br>ഇത്തരത്തിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി കഴിഞ്ഞാൽ മത്സ്യഭവൻ ഓഫീസറെ അറിയിക്കേണ്ടതും മത്സ്യഭവൻ ഓഫീസർ അപേക്ഷകന്റെയും വസ്തു ഉടമയുടെയും സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തി ഭവന നിർമ്മാണത്തിന് അനുയോജ്യമാണെന്നും കടബാദ്ധ്യതകൾ ഇല്ലാത്തത് ആണെന്നും സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തി ജില്ലാ മത്സ്യഭവൻ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നു. അസിസ്റ്റന്റ് പ്ലബിക് പ്രോസിക്യൂട്ടർ/ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ എന്നീ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനിൽ നിന്നും തുടർന്ന് ലീഗൽ സ്ക്രൂട്ടിനി റിപ്പോർട്ട് ശേഖരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ യാതൊരു ബാധ്യതയും ഇല്ലാത്ത ഭൂമി കണ്ടെത്തി കഴിഞ്ഞാൽ ജില്ലാ മത്സ്യഭവൻ ഓഫീസർ കൺവീനർ ആയ ആറംഗ ഇന്റർ ഡിപ്പാർട്ട്മെന്റൽ ടീം പരിശോധിച്ച ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിക്ക് ശുപാർശ ചെയ്യുന്നു. ജില്ലാ |

| | | | |
|---|---|---|---|
| | | | കളക്ടർ അധ്യക്ഷനായുള്ള ജില്ലാതല പർച്ചെസ് കമ്മിറ്റി ഭൂമി വില നിശ്ചയിക്കുന്നു.<br><br>ഭൂമി വില അംഗീകരിച്ച് കഴിഞ്ഞാൽ സ്ഥല ഉടമയും ഗുണഭോക്താവും ജില്ലാ മത്സ്യഭവൻ ഓഫീസറുമായി ഭൂമി വില കൈമാറുന്നതും സ്ഥലം കൈമാറുന്നതും സംബന്ധിച്ച ഒരു ത്രികക്ഷി കരാർ ഒപ്പിട്ട ശേഷമാണ് രജിസ്ട്രേഷൻ നടപടികളിലേയ്ക്ക് കടക്കുന്നത്. ജില്ലാ ഓഫീസിൽ നടക്കുന്ന അസൽ ആധാരത്തിന്റെ സൂക്ഷ്മ പരിശോധനാനന്തരമാണ് അസൽ ആധാരത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമി വില, എഴുത്തുകൂലി എന്നിവ ഉൾപ്പെടെ 6 ലക്ഷത്തിലധികരിക്കാത്ത വിധം ഭൂമി വില ഭൂഉടമയ്ക്കും എഴുത്തുകൂലി ഗുണഭോക്താവിനും ഡി.ബി.റ്റി. വഴി നൽകുന്നു. ഇത്തരത്തിൽ 115 ഏക്കർ ഭൂമി ഇതിനകം കണ്ടെത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനു പുറമേ 19.71 ഏക്കർ സർക്കാർ ഭൂമി ലഭ്യമാക്കുകയും 76.92 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിച്ചും വരുന്നു.<br><br>പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ യൂണിറ്റായി വിഴിഞ്ഞം പുനരധിവാസ പദ്ധതിയ്ക്കായി രൂപീകൃതമായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | തീരദേശ ജനതയുടെ സമഗ്രമായ വികസനത്തിനുതകുന്ന പദ്ധതിയെന്ന നിലയിൽ പുനർഗേഹം പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | നിലവിൽ ഒന്നാംഘട്ട പദ്ധതി നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ